എസ്.ഡി (1) 3637/2020

കാർഷിക വികസന കർഷക ക്ഷേമവകുപ്പ്
ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
തീയതി : ~~12-10~~ 15.10.2020

## സർക്കുലർ

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്-ജീവനക്കാര്യം-01/01/2001 മുതൽ 31/12/2010 വരെ സേവനത്തിൽ പ്രവേശിച്ച കൃഷി ഓഫീസർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്.

സൂചന:- ഉത്തരവ്.

********

കൃഷി വകുപ്പിൽ 01/01/2001 മുതൽ 31/12/2010 വരെ സേവനത്തിൽ പ്രവേശിച്ച കൃഷി ഓഫീസർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് ഇതോടൊപ്പം ഉൾക്കൊളളിച്ചിട്ടുളള പട്ടികയിൽ പ്രസിദ്ധീകരിക്കുന്നു.

താൽക്കാലിക സീനിയോറിറ്റി പട്ടികയെ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ ആക്ഷേപങ്ങളോ ലഭിക്കുന്ന പക്ഷം ആയത് ഈ സർക്കുലർ പ്രസിദ്ധീകരിച്ച് 10 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട മേലധികാരികൾ മുഖേന ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ടതാണ്. പ്രസ്തുത സമയപരിധിക്കുള്ളിൽ പരാതികളും ആക്ഷേപങ്ങളും ലഭിച്ചില്ലായെങ്കിൽ ഈ താൽക്കാലിക സീനിയോറിറ്റി പട്ടിക അന്തിമ സീനിയോറിറ്റി പട്ടികയായി പ്രസിദ്ധീകരിക്കുന്നതാണ്. സമയപരിധിക്ക്ശേഷം ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിഗണിക്കുന്നതല്ല.

ഈ ലിസ്റ്റ് കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.gov.in എന്നതിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ ഓഫീസിൽ നിന്നും ഈ സർക്കുലറിന്റെ വ്യക്തിഗത പകർപ്പുകൾ അയയ്ക്കുന്നതല്ല.

ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും നിയന്ത്രണോദ്യോഗസ്ഥൻമാരും ഈ സർക്കുലർ പട്ടികയിൽ ഉൾപ്പെട്ടിട്ടുളള ജീവനക്കാർക്ക് സർക്കുലേറ്റ് ചെയ്യേണ്ടതും ആയത് സംബന്ധിച്ച സർട്ടിഫിക്കറ്റ് 5 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ അയച്ചുതരേണ്ടതുമാണ്.

പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിച്ച് ഉത്തരവായിട്ടുളളപക്ഷം ആയതിന്റെ പകർപ്പുകൾ കൂടി നിർബന്ധമായും റിപ്പോർട്ടിനോടൊപ്പം ഉളളടക്കം ചെയ്യേണ്ടതാണ്.

(ഒപ്പ്)

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് വേണ്ടി**

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

ഉളളടക്കം - ലിസ്റ്റ്.

പകർപ്പ്

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2. കൃഷി ഡയറക്ടറുടെ നേരിട്ടുളള നിയന്ത്രണത്തിലുളള ഓഫീസ് മോധാവികൾക്കും.
3. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT Cell)(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ksk 20 11 19